പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2841 7/12/2018 ൽ മറുപടിക്ക്

**പ്രളയ ദുരിതത്തിൽ ചെങ്ങന്നൂരിലെ മത്സ്യ,കന്നുകാലി,കോഴി ഫാമുകളുടെ നാശം**

ചോദ്യം മറുപടി

**ശ്രീ.സജി ചെറിയാൻ:** അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | പ്രളയ ദുരിതത്തിൽ ചെങ്ങന്നൂരിലെ മത്സ്യ,കന്നുകാലി,കോഴി ഫാമുകൾ എത്രയെണ്ണം നശിച്ചതായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കാമോ; | എ) | പ്രളയ ദുരിതത്തിൽ ചെങ്ങന്നൂരിലെ 59 മത്സ്യഫാമുകൾ 24 കന്നുകാലി ഫാമുകൾ, 6 കോഴി ഫാമുകൾ ഇവ നശിച്ചതായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട് |
| ബി) | കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക എത്രയെന്ന് തീർപ്പാക്കിയിട്ടുണ്ടോ ; | ബി) | ദുരന്തനിവാരണ മാനദണ്ഡമനുസരിച്ച് ഒരു കർഷകന് 30000/- രൂപ നിരക്കിൽ 3 കറവ പശുക്കൾക്ക് മാത്രമേ ധനസഹായം അനുവദിക്കാനാകുകയുള്ളു. ഒരു കോഴിക്ക് 50/-രൂപ നിരക്കിൽ ആകെ 5000/- രൂപ വരെ മാത്രമേ ഒരാൾക്ക് നഷ്ടപരിഹാരമായി അനുവദിക്കാൻ ആകുകയുള്ളൂ. പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ട കുടുംബങ്ങളുടെ വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അവ ലഭ്യമാകുമ്പോൾ ക്ഷീരകർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക എത്രയാണെന്ന് കണക്കാക്കുവാൻ കഴിയുന്നതാണ്.<br><br>മത്സ്യകർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക 1,27,73,522/-രൂപയാണ് എന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത ഫാമുകളുടെ പുനർ നിർമ്മാണത്തിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിവരിക്കാമോ; | സി) | ജീവനോപാധികൾ നഷ്ടപ്പെട്ട കർഷകർക്കായി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കിയ 77 കോടി രൂപയുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കുവാൻ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ പശു വളർത്തൽ, ആട്ട വളർത്തൽ, കിടാരി വളർത്തൽ, പന്നി വളർത്തൽ കന്നുകുട്ടി പരിപാലനം, കോഴി വളർത്തൽ, താറാവു വളർത്തൽ കന്നുകാലി ഫാമുകളുടെ യന്ത്രവത്കരണം, തൊഴുത്തു നിർമ്മാണം, എന്നിവ ഉൾപ്പെടുന്നു.<br>മത്സ്യഫാമുകളുടെ പുനർനിർമ്മാണത്തിനായി ബണ്ട് പുനർനിർമ്മിക്കുകയും ബലപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ കുളങ്ങളിലെ പോളയും എക്കലും നീക്കം ചെയ്ത് പുനരുദ്ധരിക്കേണ്ടതുണ്ട്. |
| ഡി) | ചെറുകിട കന്നുകാലി കർഷകർക്കുള്ള പ്രളയാനന്തര പദ്ധതികൾ എന്തെല്ലാമെന്ന് വിവരിക്കാമോ ? | ഡി) | ജീവനോപാധികൾ നഷ്ടപ്പെട്ട കർഷകർക്കായി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കിയ 77 കോടി രൂപയുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ പശു വളർത്തൽ, ആട്ട വളർത്തൽ, കിടാരി വളർത്തൽ, കന്നുകുട്ടി പരിപാലനം, തൊഴുത്തു നിർമ്മാണം, കോഴി വളർത്തൽ, താറാവു വളർത്തൽ എന്നിവ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ